(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അജ്ഞാത മൃതദേഹങ്ങളിൽ എത്രയെണ്ണം അന്വേഷണത്തെ തുടർന്ന് കൊലപാതകമാണെന്ന് തെളിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1861 മൃതദേഹങ്ങൾ.

(ബി) പുരുഷന്മാർ .. 1636
സ്ത്രീകൾ .. 191
കുട്ടികൾ .. 38
അസ്ഥികൂടവും അവയവങ്ങളും തിരിച്ചറിയാൻ കഴിയാത്തവ .. 897

(സി) 1844 കേസുകൾ.

(ഡി) 39 എണ്ണം

കാണാതായവരുടെ കണക്കുകൾ

*9. [79] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്തു നിന്നും എത്ര പേരെ കാണാതായിട്ടുണ്ട്;

(ബി) ഇതിൽ സ്ത്രീകൾ എത്ര, പുരുഷന്മാർ എത്ര, കുട്ടികൾ എത്ര; ഇവരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ നൽകുമോ;

(സി) കാണാതായവരിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ടെന്നും, അതിൽ എത്ര പേർ കൊലചെയ്യപ്പെട്ടിട്ടുണ്ടെന്നും പറയാമോ;

(ഡി) ഇത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഇ) കാണാതായവരിൽ എത്ര പേർ തിരിച്ചെത്തിയിട്ടുണ്ടെന്ന് പറയാമോ;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കാണാതായവരെത്ര?

ഉത്തരം

(എ) 11092 പേരെ കാണാതായിട്ടുണ്ട്.

(ബി) ഇതിൽ 4992 സ്ത്രീകളും 4281 പുരുഷന്മാരും 1819 കുട്ടികളുമാണുള്ളത്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(സി) കാണാതായവരിൽ മരണമടഞ്ഞത് 148 കൊലചെയ്യപ്പെട്ടത് 18.

(ഡി) കാണാതായവരെ സംബന്ധിച്ച് 10,008 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) കാണാതായവരിൽ 9110 പേർ തിരിച്ചെത്തിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 287 പേരെ കാണാതായിട്ടുണ്ട്.

സി. ബി. ഐ. അന്വേഷണ പരിധി വർദ്ധിപ്പിക്കൽ

80. [80] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിലെ ഇരട്ട കൊലപാതകത്തെക്കുറിച്ച് നടക്കുന്ന സി. ബി. ഐ. അന്വേഷണത്തിന്റെ പരിധിയിൽ അങ്ങാടി സുലോചനാ വധം, പെരിങ്ങനം കോവിലകം ഇരട്ട കൊലപാതകം എന്നീ കേസുകൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) അങ്ങാടി സുലോചനാ വധവുമായി ബന്ധപ്പെട്ട കേസ് കുന്നംകുളം ഡി. വൈ. എസ്. പി. ഉൾപ്പെട്ട ഒരു പ്രത്യേക അന്വേഷണസംഘവും, പെരിങ്ങനം കോവിലകം ഇരട്ട കൊലപാതകവുമായി ബന്ധപ്പെട്ട കേസ് സി. ബി. സി. ഐ. ഡി., ഡി. വൈ. എസ്. പി.യുടെ നേരിട്ടുള്ള ചുമതലയിലും അന്വേഷിച്ചു വരുന്നതിനാൽ പ്രസ്തുത കേസ്സുകൾ മാളയിലെ ഇരട്ടകൊലപാതകത്തെക്കുറിച്ചു നടക്കുന്ന സി. ബി. ഐ. അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അധോലോക ആക്രമണങ്ങളിൽ മരണപ്പെട്ടവർ

81. [81] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ എത്ര അധോലോക ആക്രമണങ്ങൾ നടന്നിട്ടുണ്ട്, ഇതിൽ എത്ര പേർക്ക് പരിക്കുപറ്റിയെന്നും എത്ര പേർ മരിച്ചുവെന്നും ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തു;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XII

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 79 (79) ദയവായി കാണുക]

ജില്ലകൾ	സ്ത്രീകൾ	പുരുഷന്മാർ	കുട്ടികൾ
തിരുവനന്തപുരം സിറ്റി	406	258	97
തിരുവനന്തപുരം റൂറൽ	425	405	175
കൊല്ലം	543	550	242
പത്തനംതിട്ട	259	217	56
ആലപ്പുഴ	333	289	81
കോട്ടയം	441	347	140
ഇടുക്കി	202	207	77
എറണാകുളം സിറ്റി	244	268	52
എറണാകുളം റൂറൽ	293	265	72
തൃശ്ശൂർ	514	383	142
പാലക്കാട്	283	181	146
മലപ്പുറം	200	205	140
കോഴിക്കോട് സിറ്റി	182	160	64
കോഴിക്കോട് റൂറൽ	192	160	60
വയനാട്	187	120	123
കണ്ണൂർ	172	181	102
കാസർഗോഡ്	186	85	50
ആകെ	4982	4281	1819

LIBRARY ARCHIVES Kerala Legislative Assembly